## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 627      28.02. 2017 ൽ മറുപടിക്ക്

### കെ.എസ്.ഇ.ബി.യുടെ നിലവിലുള്ള കടബാദ്ധ്യത

**ചോദ്യം**

ശ്രീ.യു.ആർ.പ്രദീപ്

**ഉത്തരം**

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കെ.എസ്.ഇ.ബി യുടെ നിലവിലുള്ള കടബാദ്ധ്യത എത്ര കോടി രൂപയാണെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) 31.01.2017 ലെ കണക്ക് പ്രകാരം ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ഇനത്തിലുള്ള കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ കടബാധ്യത സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br>തുക കോടിയിൽ<br>ഓവർഡ്രാഫ്റ്റ് — 1953.96<br>ഹ്രസ്വകാല വായ്പ — 2775.00<br>ദീർഘകാല വായ്പ — 2019.23<br>ആകെ — 6748.19 |
| (ബി) നിലവിൽ എത്ര കോടി രൂപ കെ.എസ്.ഇ.ബി.ക്ക് പിരിഞ്ഞു കിട്ടാനുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) 31.12.2016 ൽ അവസാനിക്കുന്ന ത്രൈമാസ കണക്ക് പ്രകാരം ആകെ (പലിശ ഉൾപ്പെടുത്താതെ) 2044.78 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. |
| (സി) പിരിഞ്ഞു കിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച ഊർജ്ജിത നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) സപ്ലൈ കോഡ് 2014 ൽ പരാമർശിച്ചിട്ടുള്ള സമയ പരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വകയിരുത്താറുണ്ട്. ഇതിൽ നിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. ദീർഘ കാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ